## പതിനാലാം കേരള നിയമസഭ

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 101** | **06.02.2020 -ൽ മറുപടിയ്ക്ക്**

## പൊതു വിദ്യാലയങ്ങളിലെ നൂതന പദ്ധതികൾ

ചോദ്യം

**ശ്രീ.കെ.ഡി. പ്രസേനൻ**
**പ്രൊഫ.കെ.യു. അരുണൻ**
**ശ്രീ.ആന്റണി ജോൺ**
**ശ്രീ.പി.ടി.എ.റഹീം**

**മറുപടി**

**പ്രൊഫ : സി.രവീന്ദ്രനാഥ്**
**(പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി)**

എ) സംസ്ഥാനത്തെ എല്ലാ സെക്കന്ററി സ്കൂളുകളും ഹൈടെക് ആക്കുന്നതിനും പ്രൈമറി സ്കൂളുകളിൽ ഹൈടെക് ലാബ് സ്ഥാപിക്കുന്നതിനും ആവിഷ്കരിച്ച പദ്ധതി പൂർത്തിയായോ; ഇതിനായി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

എ) സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളെ ഹൈടെക് ആക്കുന്നതിനും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ആധുനികവത്കരണം നടത്തുന്നതിനായി ഐ.ടി വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### ഹൈടെക് സ്കൂൾ പദ്ധതി

എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കി. ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

4751 ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഉൾപ്പെടെ 12149 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ഒരുക്കി.

**<u>പ്രൈമറി സ്കൂൾ ഹൈടെക് ലാബ് പദ്ധതി</u>**

സ്വതന്ത്രമായി പ്രവർത്തിക്കുന്നതും ഹൈസ്കൂളിനോട് ചേർന്നുള്ളതുമായ 9941 സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ്പദ്ധതിക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. കിഫ്ബി ധനസഹായ ത്തോടെയുള്ള 292 (ഇരുനൂറ്റി തൊണ്ണൂറ്റി രണ്ട് കോടി രൂപ മാത്രം) കോടി രൂപയുടെ പദ്ധതിയാണിത്.

ഒരു ക്ലാസിൽ ശരാശരി 7 കുട്ടികളിൽ കുറവുള്ള 1359 സ്കൂളുകൾ ഹൈടെക് ലാബ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. എന്നാൽ എല്ലാ കുട്ടികൾക്കും ഹൈടെക് സംവിധാനങ്ങളുടെ പ്രയോജനം ഉറപ്പുവരുത്തുന്നതിനായി പ്രസ്തുത സ്കൂളുകൾക്കും ഹൈടെക് ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തന ങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' ഡിജിറ്റൽ വിഭവ പോർട്ടൽ, ലിറ്റിൽ കൈറ്റ് ഐ.ടി ക്ലബ്ബുകൾ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥി കൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

ബി) വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ വിനിയോഗം സാധ്യമാക്കുന്നതിന് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ടോ;

ബി) ഉണ്ട്. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവരവിനിമയ സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നു മുതൽ പന്ത്രണ്ടു വരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് നാലു ദിവസം വീതം പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി(45166),അപ്പർപ്രൈമറി (36760), ഹൈസ്കൂൾ (26860),ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽകൈറ്റ്സ് ' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

സി) പൊതുവിദ്യാലയങ്ങളിൽ സേഫ്, ഹെൽത്തി ആൻഡ് ഹാപ്പി സ്കൂൾ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയെക്കുറിച്ച് അറിയിക്കാമോ;

സി) ഉണ്ട് ; എല്ലാ പൊതുവിദ്യാലയങ്ങളിലും കുട്ടികളുടെ സുരക്ഷ, മാനസിക - ശാരിരിക ആരോഗ്യം എന്നിവ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽതന്നെ ആസൂത്രണംചെയ്ത് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ഭാഗമാക്കി നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് സേഫ് , ഹെൽത്തി ആൻറ് ഹാപ്പി സ്കൂൾ പ്രോഗ്രാം എന്ന പദ്ധതി . എസ്.സി.ഇ.ആർ.ടി തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ട്രൈഔട്ട് ചെയ്ത് വരികയാണ്. ഡയറ്റ് , എസ്.എസ്.കെ എന്നിവയുടെ സഹകരണത്തോടെയാണ് ട്രൈഔട്ട് നടത്തുന്നത്. 2020 മാർച്ചിൽ ട്രൈഔട്ട് പൂർത്തിയാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

| | |
|---|---|
| ഡി) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ? | ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർഎഡ്യൂക്കേഷൻ (കൈറ്റ്) ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന നിലയിൽ സംസ്ഥാനമൊട്ടാകെ 141 സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മികവിന്റെ കേന്ദ്രങ്ങളാക്കുന്ന ഒരു സ്കൂളിന് 5 (അഞ്ച് കോടി രൂപ മാത്രം)കോടി രൂപയാണ് സർക്കാർ അനുവദിക്കുന്നത്. മികവിന്റെ കേന്ദ്രങ്ങളാക്കുവാൻ തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 21 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിടം സ്കൂൾ അധികൃതർക്ക് കൈമാറി. 10 സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കി ഫെബ്രുവരി മാസം കൈമാറാൻ കഴിയുമെന്ന് കരുതുന്നു. 52 സ്കൂളുകളിൽ 60%-ൽ അധികം പണികൾ കഴിഞ്ഞിട്ടുണ്ട്. അവശേഷിക്കുന്ന സ്കൂളുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് ഒരു സ്കൂളിന് 3 (മൂന്ന് കോടി രൂപ മാത്രം)കോടി രൂപ വീതം ചെലവഴിച്ച്,കൈറ്റ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി നിർമാണപ്രവർത്തനങ്ങൾ നടത്തുന്ന 96 സ്കൂളുകളിൽ 11 സ്കൂളുകളുടെ നിർമാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൈമാറിയിട്ടുണ്ട്. ഫെബ്രുവരി മാസം 7 സ്കൂളുകൾ കൂടി കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 29 സ്കൂളുകളിൽ 60%-ൽ കൂടുതൽ പണികൾ പൂർത്തീകരിച്ചു. ബാക്കി സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |

ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 233 സ്കൂളുകളുടെ നിർമാണ പ്രവർത്തനങ്ങൾക്കായി 'ഇൻകെലി'നേയും 50 സ്കൂളുകളുടെ നിർമാണ പ്രവർത്തനങ്ങൾക്കായി 'വാപ്കോസി' നെയുമാണ് എസ്.പി.വി.ആയി ചുമതലപ്പെടുത്തിയിരിക്കുന്നത്.

പശ്ചാത്തല സൗകര്യവികസനത്തിനായി ഒരു കോടി രൂപ വീതം ചെലവഴിക്കുന്ന പദ്ധതിയിൽ ഉൾപ്പെട്ട 446 സ്കൂളുകളുടെ നിർമാണ പ്രവൃത്തികളുടെ തുടർനടത്തിപ്പിനായി എസ്.പി.വി ആയി 'കില'യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ